**പതിനഞ്ചാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2023-2026)

## പതിനൊന്നാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)യുടെ രണ്ടാമത് റിപ്പോർട്ട് (കോട്ടയം ജില്ലയിലെ കോട്ടമല, കുറിഞ്ഞിക്കുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2023-2026)

## പതിനൊന്നാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 08-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)യുടെ രണ്ടാമത് റിപ്പോർട്ട്
(കോട്ടയം ജില്ലയിലെ കോട്ടമല, കുറിഞ്ഞിക്കുമ്പൻ മലനിരകളിലെ
പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച
പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികൾ സംബന്ധിച്ച്.]

1051/2024

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| അദ്ധ്യായം I: റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II: സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം | .. | 3 |
| അദ്ധ്യായം III: സർക്കാർ മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം | .. | 14 |
| അദ്ധ്യായം IV: സമിതിയുടെ തുടർശിപാർശകൾ | .. | 14 |

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2023-2026)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ഇ. കെ. വിജയൻ.

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീമതി യു. പ്രതിഭ

ശ്രീ. സജീവ് ജോസഫ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

## ആമുഖം

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)യുടെ രണ്ടാമത് റിപ്പോർട്ട് (കോട്ടയം ജില്ലയിലെ കോട്ടമല, കുറിഞ്ഞിക്കുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 6-3-2017-ൽ കൂടിയ സമിതിയോഗം അംഗീകരിച്ച് 2017 മാർച്ച് 14-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2024 ജൂലൈ മാസം 2-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഇ. കെ. വിജയൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 8.

# റിപ്പോർട്ട്

## അദ്ധ്യായം -I

പതിനാലാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)-യുടെ രണ്ടാമത് റിപ്പോർട്ട് (കോട്ടയം ജില്ലയിലെ കോട്ടമല, കുറിഞ്ഞിക്കുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 2017 മാർച്ച് 14-ാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ടു.

2) കോട്ടയം ജില്ലയിലെ കോട്ടമല, കുറിഞ്ഞിക്കുമ്പൻ മലനിരകളുടെ ഭൂമിശാസ്ത്രപരമായ ഘടന, ജൈവവൈവിധ്യം, ആവാസവ്യവസ്ഥ എന്നിവ ഉൾപ്പെടെയുള്ള പാരിസ്ഥിതിക ഘടകങ്ങളെ അടിസ്ഥാനമാക്കി നടന്ന പഠനങ്ങളിലും പരിശോധനകളിലും ഈ പ്രദേശം ഒരു പരിസ്ഥിതിലോല മേഖലയാണെന്ന് വ്യക്തമായിട്ടുള്ളതിനാലും പ്രസ്തുത മേഖലയിലെ പാറഖനനം, ക്വാറി പ്രവർത്തനങ്ങൾ എന്നിവ പാരിസ്ഥിതിക പ്രശ്നങ്ങളും, പ്രകൃതി ദുരന്ത സാഹചര്യങ്ങളും സൃഷ്ടിക്കുവാൻ സാധ്യതയുള്ളതിനാലും, ഈ വിഷയത്തിൽ വ്യക്തികൾ/ സന്നദ്ധ സംഘടനകൾ എന്നിവരിൽനിന്നും പരാതികൾ സമിതിയ്ക്ക് ലഭിച്ചതിനാലും, പരിസ്ഥിതി പ്രാധാന്യമുള്ള പ്രസ്തുത മലനിരകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ അത്യന്താപേക്ഷിതമാണെന്ന് സമിതിയ്ക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിലും ഈ വിഷയം സമിതി പഠന വിധേയമാക്കുകയും വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുമായി നടത്തിയ ചർച്ചകളുടെയും തെളിവെടുപ്പിന്റെയും സ്ഥലസന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ ലഭിച്ച വിവരങ്ങൾ, വസ്തുതകൾ എന്നിവ വിശദമായി വിലയിരുത്തി സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന 11 ശിപാർശകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

3) സമിതിയുടെ ശിപാർശകളിന്മേൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തദ്ദേശ സ്വയംഭരണം, വ്യവസായം, റവന്യൂ, വിനോദസഞ്ചാരം, വനം-വന്യജീവി, പരിസ്ഥിതി, ആഭ്യന്തരം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പത്രികകൾ സമിതിയ്ക്ക് ലഭ്യമാക്കുകയും വിവിധ സമിതി യോഗങ്ങളിൽ അവ വിശദമായി പരിശോധിക്കുകയും 3, 4, 11 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിറിപ്പോർട്ടുകളിന്മേൽ അധികവിവരം ആരായുകയും ശേഷിക്കുന്നവ അംഗീകരിക്കുകയും ചെയ്തു.

4) റിപ്പോർട്ടിലെ ശിപാർശകൾ, സമിതി ആരാഞ്ഞ അധിക വിവരം, അവയിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയതും, സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ എന്നിവ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിലും നടപടിവിവരം ലഭ്യമാക്കാത്ത നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശം മൂന്നാം അദ്ധ്യായത്തിലും സമിതിയുടെ തുടർ ശിപാർശകൾ നാലാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

**ഇ. കെ. വിജയൻ,**
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 8.

അദ്ധ്യായം-II

## സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സമിതി ആരാഞ്ഞ അധിക വിവരങ്ങളും സംബന്ധിച്ച വിശദാംശം

ശിപാർശ നമ്പർ 1

സാധാരണ ഗതിയിൽ 45 ഡിഗ്രിയിലധികം ചരിവുള്ള പ്രദേശത്തെ ഖനന പ്രവർത്തനങ്ങൾക്ക് അനുവാദം കൊടുക്കുകയാണെങ്കിൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ആയതിനാൽ 60 ഡിഗ്രിയിലധികം ചരിവുള്ള കോട്ടമല പ്രദേശത്ത് പാറ ഖനനാനുമതി നൽകിയത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നം. ആർ.സി3/350/2017-തസ്വഭവ. തീയതി: 19-2-2019)

രാമപുരം ഗ്രാമപഞ്ചായത്തിലെ കോട്ടമല പ്രദേശത്ത് സെന്റ് ബേസിൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് 2016-2017 സാമ്പത്തിക വർഷം പാറഖനനാനുമതി നൽകുകയും കോട്ടമലയിൽ പാറഖനനം ആരംഭിക്കുന്നതിനെതിരെ രൂപീകരിച്ച സമരസമിതിയുടെ പ്രക്ഷോഭം മൂലം ടി സ്ഥാപനത്തിന് പാറഖനനം നടത്തുന്നതിന് നൽകിയ ലൈസൻസ് 2016 ഒക്ടോബർ മാസത്തിൽ ക്യാൻസൽ ചെയ്തിട്ടുള്ളതും തുടർന്ന് നാളിതുവരെ ഖനന പ്രവർത്തനത്തിനുള്ള അനുമതി നൽകിയിട്ടില്ലാത്തതുമാണെന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

(14-5-2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

**വ്യവസായ (എ) വകുപ്പ്**

(സർക്കാർ കത്ത് നം. 224/എ 3/2017/വ്യവ. തീയതി: 3-11-2017)

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിൽ സർവ്വേ നമ്പർ 245/1-8-1-ൽ ഉൾപ്പെട്ട 4.1341 ഹെക്ടർ സ്ഥലത്ത് M/s. സെന്റ് ബേസിൽ ഇൻഡസ്ട്രീസ് ഇന്ത്യ(പ്രൈ.) ലിമിറ്റഡ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന് 420/2013-14/7230/എം2/2013 നമ്പർ അനുമതി പ്രകാരം 26-9-2013 മുതൽ 25-9-2025 വരെ കാലാവധിയുള്ള ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നതാണ്. ടി സ്ഥലത്തേക്ക് 72/SEIAA/KI/167/2013 തീയതി 7-4-2013 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നും പാരിസ്ഥിതികാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഖനനാനുമതി അനുവദിച്ചത്. തുടർന്ന് ഈ സ്ഥലത്ത് കരിങ്കല്ല് ഖനനത്തിന് പഞ്ചായത്ത് അനുമതി

നിഷേധിച്ചതിനെതിരേയും അല്ലാതെയും ബഹു. കേരള ഹൈക്കോടതി മുമ്പാകെ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യപ്പെടുകയുണ്ടായി. ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ രാമപുരം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച റിട്ട് അപ്പീൽ നമ്പർ 2760/2015-ൻ മേലുള്ള വിധിന്യായം M/s. സെന്റ് ബേസിലിന് അനുകൂലമായതിനാൽ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനും (നമ്പർ 550/2016) രാമപുരം ഗ്രാമപഞ്ചായത്തിനെതിരായിരുന്നു. തുടർന്ന് ബഹു. സുപ്രീം കോടതി മുമ്പാകെ പ്രസ്തുത പഞ്ചായത്ത് സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷൻ നമ്പർ 16456-16457/2016 പരിഗണിക്കവെ ആയതും M/s. സെന്റ് ബേസിലിന് അനുകൂലമാകുകയും ചെയ്തിരിക്കുകയാണ്. പ്രസ്തുത ഉത്തരവിൽ M/s. സെന്റ് ബേസിൽ ഇൻഡസ്ട്രീസിന് നൽകിയ വ്യവസ്ഥകളിൽ ലംഘനമുണ്ടാകുകയാണെങ്കിൽ പഞ്ചായത്ത്, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിനെ സമീപിച്ച് തീരുമാനമുണ്ടാക്കുവാൻ ബഹു. സുപ്രീം കോടതി അനുമതി നൽകുകയുണ്ടായി. 45 ഡിഗ്രി ചരിവിൽ കൂടുതലുള്ള പ്രദേശത്ത് ഖനനം നടത്തരുത് എന്നുള്ളത് പാരിസ്ഥിതികാനുമതിയിലെ ഒരു വ്യവസ്ഥയാണ്. പാരിസ്ഥിതികാനുമതിയ്ക്ക് വിധേയമായി അനുവദിച്ച ക്വാറിയിംഗ് ലീസ് നിലവിലുണ്ടെങ്കിലും കരിങ്കല്ല് ഖനനം ആരംഭിക്കുന്നതിനുള്ള യാതൊരു അനുമതി പത്രങ്ങളും മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസിൽ നിന്നും അനുവദിച്ചിട്ടില്ല. നിലവിൽ പ്രസ്തുത സ്ഥലത്ത് കരിങ്കല്ല് ഖനനം സംബന്ധമായ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല.

(16-11-2017-ലെ സമിതിയോഗം പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ -2

റവന്യൂ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിച്ച് ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി പ്രദേശത്തെ സംരക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (എ) വകുപ്പ്**

(സർക്കാർ കത്ത് നം. എ 4/172/2018/റവ., തീയതി : 21-3-2019)

രാമപുരം വില്ലേജിൽ കോട്ടമല-കുറിഞ്ഞികുമ്പൻ മലനിരകളിൽ ഏറ്റെടുത്തിട്ടുള്ള ഭൂമി ബ്ലോക്ക് 28-ൽ റീസർവ്വെ 245/1 ൽ ഉൾപ്പെട്ടുവരുന്ന മിച്ചഭൂമിയാണ്. ടി വസ്തുവിൽ റവന്യൂ ഭൂമിയില്ലാത്തതും വില്ലേജ് റിക്കാർഡുകൾ പ്രകാരം മിച്ചഭൂമിയിൽ നിലവിൽ അനധികൃത കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതുമാണ്. ഏറ്റെടുത്ത ടി മിച്ച ഭൂമിയിൽ സർവ്വെ പ്രകാരം വിസ്തീർണത്തിൽ കുറവ് വന്നത് ഒഴിച്ചാൽ കോട്ടമല-കുറിഞ്ഞികുമ്പൻ മലകളിൽ മറ്റ് കൈയേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതും ടി സർക്കാർ ഭൂമി ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി സംരക്ഷിക്കാവുന്നതാണ്.

രാമപുരം വില്ലേജിൽ TLB 11/73, 12/73, 13/73 പ്രകാരം 32 ഏക്കർ 51.38 സെന്റ് സ്ഥലം കയ്യാലയ്ക്കകം കുടുംബത്തിൽ നിന്ന് മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതാണ്. ഏറ്റെടുത്ത മിച്ചഭൂമി അളവുകൾ സ്കെച്ചിൽ രേഖപ്പെടുത്തിയത് ഭൂമിയിൽ റീഫിക്സ് ചെയ്തപ്പോൾ 21 ഏക്കർ 78.30 സെന്റ് വസ്തു ഉള്ളതായി കാണുന്നുവെന്നും, എന്നാൽ മിച്ചഭൂമി ഏറ്റെടുത്ത സ്കെച്ചിൽ വിസ്തീർണം 32 ഏക്കർ 51.38 സെന്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി സ്കെച്ചിൽ ക്രോസ് അളവുകളോ ഓഫ് സെറ്റ് അളവുകളോ രേഖപ്പെടുത്തിയിട്ടില്ലാത്തതും വശഅളവുകൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതുമാണ്. ഇതു പ്രകാരം റീഫിക്സ് ചെയ്യുമ്പോൾ 10 ഏക്കർ 73.018 സെന്റ് വിസ്തീർണം കുറവുള്ളതായി കാണുന്നു. ഏറ്റെടുക്കാൻ ഉത്തരവായ 32 ഏക്കർ 51.31 സെന്റ് ടി സ്കെച്ചിൻ പ്രകാരം ഭൂമിയിൽ നിലനിർത്താൻ സാധിച്ചിട്ടില്ല എന്നും, പ്രസ്തുത സ്കെച്ചിൽ അപാകതയുള്ളതായി കാണുന്നുവെന്നും, ടി വസ്തു ബ്ലോക്ക് 28-ൽ റീസർവ്വേ 241/1, 242/2, 244/6, 244/3 എന്നീ നമ്പരുകളിൽ ഉൾപ്പെട്ടുവരുന്നുവെന്നും, മിച്ചഭൂമി ഏറ്റെടുത്ത സമയത്ത് തയ്യാറാക്കിയ സ്കെച്ചിലുണ്ടായ അപാകതയാണ് വിസ്തീർണ വ്യത്യാസത്തിന് കാരണമെന്ന് പ്രത്യേക സർവ്വെ ടീം സൂചിപ്പിച്ചിട്ടുള്ളതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, ടി വിസ്തീർണ വ്യത്യാസം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് മീനച്ചൽ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(14-5-2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

ശിപാർശ നമ്പർ 3

കുറിഞ്ഞിക്കുമ്പൻ, കോട്ടമല, കരുവൻകുന്ന് മലനിരകളെ ഹരിത ടൂറിസം മേഖലയായി പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വിനോദ സഞ്ചാര (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ടൂർ-സി3/123/2017-ടൂർ, തീയതി 23-10-2019)

കുറിഞ്ഞിക്കുമ്പൻ, കോട്ടമല, കരുവൻകുന്ന് പ്രദേശങ്ങൾ ദുരന്ത സാദ്ധ്യതയുള്ളതും, പരിസ്ഥിതിലോല പ്രദേശവുമായതിനാൽ ഹരിത ടൂറിസം പ്രദേശമായി പ്രഖ്യാപിക്കുന്നതിന് പരിമിതിയുണ്ട്. സമിതിയുടെ ബന്ധപ്പെട്ട ഖണ്ഡികകളിലെ പഠന റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഹരിത ടൂറിസം മേഖലയായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

(20-12-2019-ലെ സമിതിയോഗം പരിഗണിക്കുകയും, ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കുറിഞ്ഞിക്കുമ്പൻ, കോട്ടമല, കുരുവൻകുന്ന് എന്നീ മലനിരകളെ ഹരിത ടൂറിസം പ്രദേശമായി പ്രഖ്യാപിക്കുന്നതിന് പരിമിതികളുണ്ട് എന്ന വിനോദസഞ്ചാര വകുപ്പിന്റെ മറുപടി അപൂർണ്ണമായതിനാൽ ഈ വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെടുവാനും മേൽ ശിപാർശയിന്മേൽ വനം-വന്യജീവി വകുപ്പിൽ നിന്നും നടപടിറിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു.

**വിനോദ സഞ്ചാര (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ടൂർ- സി3/123/2017-ടൂർ, തീയതി 14-3-2024)

ഒരു പ്രദേശത്തെ ഹരിത ടൂറിസം മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ടൂറിസം വകുപ്പ് നിലവിൽ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഗ്രീൻ ടൂറിസം ഇനിഷ്യേറ്റീവിന്റെ ചുവട് പിടിച്ച് വിവിധ മേഖലകൾ ഹരിത വിനോദ സഞ്ചാര മേഖലയായി പ്രഖ്യാപിക്കാനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കി നടപ്പാക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മൗണ്ടൈൻ ലാൻഡ്സ്കേപ്പിനുള്ള ഉത്തരവാദിത്ത ടൂറിസം പ്രോട്ടോകോൾ തയ്യാറാക്കി യിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സമിതി ശിപാർശ ചെയ്തിട്ടുള്ള പ്രദേശങ്ങൾ ഹരിത ടൂറിസം മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(2-5-2024-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**വനം - വന്യജീവി (ഡി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ഡി2/142/2020/വനം, തീയതി 8-6-2022)

എരുമേലി റെയിഞ്ചിലെ പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാര പരിധിയിൽ വരുന്ന കുറിഞ്ഞിക്കുമ്പൻ, കോട്ടമല, കുര്യൻകുന്ന് മലനിരകൾ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിന്റെ പരിധിയിൽ വരുന്ന മേഖലയാണ്. ടി സ്ഥലങ്ങളിൽ ഭൂരിഭാഗവും റബ്ബർ കൃഷിയുള്ളതും, ജനവാസമേഖലയുമാണ്. ടി മേഖലയിൽ നെല്ലാപ്പാറ, കുര്യൻകുന്ന് എന്നീ രണ്ട് റിസർവ് വനങ്ങൾ ഉണ്ടായിരുന്നതും ആയത് റവന്യൂ വകുപ്പിന് കൈമാറി പട്ടയം നൽകിയിട്ടുള്ളതുമാണ്. ഇതിൽ കുര്യൻകുന്ന് മലയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിച്ചിട്ടുള്ളതാണ്.

ടി പ്രദേശങ്ങൾ നിലവിൽ റിസർവ് വനമായി സംരക്ഷിക്കുന്നില്ല. ടി പ്രദേശത്തിന്മേൽ വനം വകുപ്പിന് നിയന്ത്രണമില്ലാത്തതിനാലും 'ഹരിത ടൂറിസം' എന്ന പേരിൽ വനം വകുപ്പിന് പദ്ധതി ഇല്ലാത്തതിനാലും ഈ വിഷയത്തിൽ വനം വന്യജീവി വകുപ്പിന് നടപടികൾ ഇല്ലാത്തതാണ്.

(10-8-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 4

കുറിഞ്ഞികുമ്പൻ കോട്ടമലകളിലെ ദുരന്ത സാധ്യതകളെക്കുറിച്ച് പഠിക്കുകയും പ്രസ്തുത മേഖലയെ ദുരന്തസാധ്യതാ മേഖലയായി പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ഡിസാസ്റ്റർ മാനേജ്മെന്റ് (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ഡി.എം.എ 4/289/2018 ഡി.എം.ഡി, തീയതി 4-7-2018)

2006-ലെ Environmental Impact Assessment Notification പ്രകാരം കാറ്റഗറി ബി ആക്ടിവിറ്റി അംഗീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കേണ്ട പരമാധികാരം നിക്ഷിപ്തമായിരിക്കുന്നത് SEIAA (State Environment Impact Assessment Authority)ലാണ്. പ്രസ്തുത സ്ഥലത്തെ മണ്ണിടിച്ചിൽ സാധ്യതകളെക്കുറിച്ചും, പരിസ്ഥിതി സംബന്ധിച്ച മറ്റ് വിഷയങ്ങളെക്കുറിച്ചും പരിശോധിച്ചതിനുശേഷം മാത്രമാണ് SEIAA അംഗീകാരം നല്കുന്നത്. SEIAA പുറപ്പെടുവിച്ച 12-10-2015-ലെ 16/13/ഇസി4/2014/SEIAA നടപടിക്രമത്തിൽ ഈ സ്ഥലം ഖനനം നടത്തുന്നതിന് പര്യാപ്തമാണെന്നും ഈ സ്ഥലത്തെ ദുരന്ത സാധ്യത മേഖലയായി പ്രഖ്യാപിക്കേണ്ടതായി കാണുന്നില്ലായെന്നും പരാമർശിച്ചിട്ടുണ്ട്.

(6-9-2018-ലെ സമിതിയോഗം പരിഗണിക്കുകയും, ചുവടെപ്പറയും പ്രകാരം അധിക വിവരം ആരായുകയും ചെയ്തു)

സമിതി ആരാഞ്ഞ അധികവിവരം

2018 ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട് കോട്ടമല, കുറിഞ്ഞികുമ്പൻ പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്നതിൻമേൽ റവന്യൂ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുക. കൂടാതെ പ്രസ്തുത പ്രദേശത്തും പരിസ്ഥിതി പ്രശ്നങ്ങൾ നിലനിൽക്കുന്ന മറ്റ് സ്ഥലങ്ങളിലും പാറഖനനം നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ സംഭവിക്കുന്നപക്ഷം ഖനനം നടത്തുന്നതിന് അനുവാദം നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുക.

ശിപാർശ നമ്പർ 5

ഈ പ്രദേശം പരിസ്ഥിതി ലോല പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ : എ 3/336/2017-പരി, തീയതി 26-6-2023)

പശ്ചിമഘട്ട സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ ഡോ. മാധവ് ഗാഡ്ഗിൽ, ഡോ. കസ്തൂരി രംഗൻ കമ്മിറ്റികളെ നിയോഗിച്ചിരുന്നു. അതിൽ കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടാണ് കേന്ദ്ര സർക്കാർ അംഗീകരിച്ച് കരട് വിജ്ഞാപനം ഇറക്കിയിട്ടുള്ളത്. പ്രസ്തുത കരട് വിജ്ഞാപനത്തിൽ കേരളത്തിലെ 123 വില്ലേജുകളിലായി 9993.7 ച.കി.മീ. പ്രദേശം പരിസ്ഥിതി ലോലമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 9107 ച.കി.മീ. വന പ്രദേശവും 882.7 ച.കി.മീ. പ്രദേശം വനേതരവുമാണ്. 13-6-2018-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 123 വില്ലേജുകൾക്ക് പകരം (9993.7 ച.കി.മീ.) 92 വില്ലേജുകളിലായി മാത്രം (8656.46 ച.കി.മീ.) പരിസ്ഥിതി സംവേദ പ്രദേശമായി (ഇ.എസ്.എ.) പരിമിതപ്പെടുത്തണമെന്നാണ് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളത്. കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും സംരക്ഷിത പ്രദേശങ്ങൾ, World Heritage Sites, സംരക്ഷിത വനങ്ങൾ എന്നിവയിൽ മാത്രമായി ഇ.എസ്.എ. പരിമിതപ്പെടുത്തണമെന്നും, 92 വില്ലേജുകളിലായി 8656.46 ച.കി.മീ. സ്ഥലം മാത്രം ഇ.എസ്.എ. ആയി നിശ്ചയിക്കാവൂ എന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ്.

പശ്ചിമ ഘട്ടത്തിലെ പരിസ്ഥിതി ലോല പ്രദേശവുമായി ബന്ധപ്പെട്ട് 15-2-2019-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നടത്തിയ മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കസ്തൂരിരംഗൻ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥ പ്രകാരം ഇ.എസ്.എ. പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം തരണം ചെയ്യുന്നതിനായി 5 വർഷത്തേയ്ക്കുള്ള സാമ്പത്തിക പാക്കേജിനായി 1031.40 കോടി രൂപയുടെ പദ്ധതി നിർദ്ദേശവും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ കേന്ദ്ര വിഹിതമായി (90:10) പ്രതീക്ഷിക്കുന്നത് 927.90 കോടി രൂപയാണ്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം പരിഗണിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(26-6-2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ -6</u>

പ്രകൃതിക്ഷോഭം മൂലമോ മറ്റോ അത്യാഹിതങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയത് നേരിടുന്നതിന് പ്രദേശവാസികളെ ഉൾക്കൊള്ളിച്ച് പരിശീലനം നേടിയ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ഡിസാസ്റ്റർ മാനേജ്മെന്റ് (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ : ഡി.എം.എ 4/289/2018-ഡി.എം.ഡി, തീയതി 4-7-2018)

ദേശീയ ദുരന്ത നിവാരണ അതോറിറ്റി ആപ്തമിത്ര എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ സ്കീം പ്രകാരം കോട്ടയം ജില്ലയിൽ നിന്നും 200 വോളന്റിയർമാരെ തിരഞ്ഞെടുക്കുകയും ദുരന്തങ്ങൾ നേരിടുന്നതിനാവശ്യമായ പരിശീലനം നൽകി വരുകയും ചെയ്യുന്നു.

(6-9-2018-ലെ സമിതിയോഗം പരിഗണിച്ചു.)

**ആഭ്യന്തര (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ : എ 1/395/2017-ആഭ്യന്തരം, തീയതി 19-1-2019)

കുറിഞ്ഞികുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട് പ്രകൃതിക്ഷോഭം മൂലമോ മറ്റോ അത്യാഹിതങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയത് നേരിടുന്നതിന് 15 പ്രദേശ വാസികളെ ഉൾക്കൊള്ളിച്ച് പരിശീലനം നേടിയ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കുറിഞ്ഞി കോട്ടമല ഭാഗത്ത് 1989-ൽ ഉരുൾപൊട്ടലും 2012-ൽ മഴക്കാലത്ത് മലയിടിച്ചിലും ഉണ്ടായിട്ടുള്ളതിനാലും 2015-ൽ വലിയ പാറക്കല്ലുകൾ താഴേക്ക് പതിച്ചിട്ടുള്ളതിനാലും ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം പാലാ ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ മീനിച്ചൽ തഹസിൽദാർ, രാമപുരം പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, രാമപുരം സർക്കിൾ ഇൻസ്പെക്ടർ, കുറിഞ്ഞി കോട്ടമല പ്രദേശത്തെ പൗരപ്രമുഖർ എന്നിവരെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരുന്നു.

സംസ്ഥാനത്തുണ്ടാകുന്ന ദുരന്തങ്ങളെ നേരിടുന്നതിനായി അഗ്നിരക്ഷാ സേവന വകുപ്പ് ഓരോ അഗ്നിരക്ഷാ നിലയ പരിധിയിലുമുള്ള സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് നിലയതലത്തിൽ പരിശീലനം നൽകി കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർമാരെ സജ്ജമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പരിശീലനം ലഭിച്ച ആളുകളുടെ സേവനം ദുരന്തഘട്ടങ്ങളിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ 'ആപതാമിത്ര' പദ്ധതിയിൽ ഉൾപ്പെടുത്തി അഗ്നിരക്ഷാ സേവന വകുപ്പിന്റെ പരിശീലന കേന്ദ്രത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആളുകൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(14-5-2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

<u>ശിപാർശ നമ്പർ 7</u>

പ്രസ്തുത മേഖലയിൽ ചെറിയ പ്രകമ്പനമോ ശക്തിയായ മഴയോ പെയ്താൽപോലും കല്ലുകൾ താഴേയ്ക്ക് പതിക്കുവാൻ സാധ്യതയുള്ളതിനാൽ ഈ പ്രദേശത്തെ പ്രത്യേക പരിസ്ഥിതി മേഖലയായി പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 3/336/2017/പരി, തീയതി 26-6-2023)

പശ്ചിമഘട്ട സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ ഡോ. മാധവ് ഗാഡ്ഗിൽ, ഡോ. കസ്തൂരി രംഗൻ കമ്മിറ്റികളെ നിയോഗിച്ചിരുന്നു. അതിൽ കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടാണ് കേന്ദ്ര സർക്കാർ അംഗീകരിച്ച് കരട് വിജ്ഞാപനം ഇറക്കിയിട്ടുള്ളത്. പ്രസ്തുത കരട് വിജ്ഞാപനത്തിൽ കേരളത്തിലെ 123 വില്ലേജുകളിലായി 9993.7 ച.കി.മീ. പ്രദേശം പരിസ്ഥിതി ലോലമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 9107 ച.കി.മീ. വന പ്രദേശവും 882.7 ച.കി.മീ. പ്രദേശം വനേതരവുമാണ്. 13-6-2018-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 123 വില്ലേജുകൾക്ക് പകരം (9993.7 ച.കി.മീ.) 92 വില്ലേജുകളിലായി മാത്രം (8656.46 ച.കി.മീ.) പരിസ്ഥിതി സംവേദ പ്രദേശമായി (ഇ.എസ്.എ.) പരിമിതപ്പെടുത്തണമെന്നാണ് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളത്. കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും സംരക്ഷിത പ്രദേശങ്ങൾ, World Heritage Sites, സംരക്ഷിത വനങ്ങൾ എന്നിവയിൽ മാത്രമായി ഇ.എസ്.എ. പരിമിതപ്പെടുത്തണമെന്നും, 92 വില്ലേജുകളിലായി 8656.46 ച.കി.മീ. സ്ഥലം മാത്രം ഇ.എസ്.എ. ആയി നിശ്ചയിക്കാവൂ എന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ്.

പശ്ചിമ ഘട്ടത്തിലെ പരിസ്ഥിതി ലോല പ്രദേശവുമായി ബന്ധപ്പെട്ട് 15-2-2019-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നടത്തിയ മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കസ്തൂരിരംഗൻ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥ പ്രകാരം ഇ.എസ്.എ. പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം തരണം ചെയ്യുന്നതിനായി 5 വർഷത്തേയ്ക്കുള്ള സാമ്പത്തിക പാക്കേജിനായി 1031.40 കോടി രൂപയുടെ പദ്ധതി നിർദ്ദേശവും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ കേന്ദ്ര വിഹിതമായി (90:10)

പ്രതീക്ഷിക്കുന്നത് 927.90 കോടി രൂപയാണ്.സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം പരിഗണിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(26-6-2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 8

പ്രസ്തുത മേഖലയിൽ പരിസ്ഥിതി ആഘാതത്തിന് കാരണമായേക്കാവുന്ന എല്ലാ പ്രവർത്തനങ്ങളും ഉടൻ നിരോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ എ 3/336/2017/പരി, തീയതി 26-6-2023)

രാമപുരം ഗ്രാമപഞ്ചായത്തിലെ കോട്ടമല, കുറിഞ്ഞിക്കുമ്പൻ എന്നീ സ്ഥലങ്ങളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസിൽ നിന്നും പൗരസമിതി പ്രവർത്തകരുമായി ചേർന്ന് 3-9-2022-ൽ പരിശോധന നടത്തിയതിൽ ടി പ്രദേശങ്ങളിൽ ഖനന പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ രാമപുരം വില്ലേജിൽ ഉൾപ്പെടുന്ന 245/18-1 സർവ്വേ നമ്പരിൽ ഖനനത്തിനായി M/s ബേസിൽ ഇൻഡസ്ട്രീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 7-4-2013-ലെ 72/ SEIAA/KL/167/2013 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പാരിസ്ഥിതിക അനുമതി നല്കിയിരുന്നു. പാരിസ്ഥിതികാനുമതികളുടെ കാലാവധി എത്രയാണെന്ന് ടി ഉത്തരവിൽ പരാമർശിച്ചിട്ടില്ല. എന്നാൽ 28-11-2017-ന് ചേർന്ന 77-ാമത് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി യോഗം കാലാവധി പരാമർശിക്കാത്ത പാരിസ്ഥിതികാനുമതികളുടെ കാലാവധി 5 വർഷമായി നിജപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. ആയത് പ്രകാരം ടി പാരിസ്ഥിതികാനുമതിയുടെ കാലാവധി 6-4-2018 ന് അവസാനിച്ചിട്ടുണ്ട്.

(26-6-2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 9

ഈ പ്രദേശത്ത് പുതിയ വീടുകൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷത, ദുരന്തസാധ്യത എന്നിവ കൂടി കണക്കിലെടുത്ത് പഞ്ചായത്ത് പരിശോധന നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ആർ സി3/350/2017/ത.സ്വ.ഭ.വ. തീയതി 19-2-2019)

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തിയ ശേഷമാണ് പുതിയ വീടുകൾക്ക് ഇവിടെ നിർമ്മാണാനുമതി നൽകുന്നതെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

(14-5-2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 10</u>

അപകട സാധ്യതയെക്കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതുവരെ പ്രദേശത്ത് എല്ലാ ഖനന പ്രവർത്തനങ്ങളും നിർത്തിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വ്യവസായ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 224/എ 3/2017/വ്യവ. തീയതി 3-11-2017)

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിൽ സർവ്വേ നമ്പർ 245/1-8-1-ൽ ഉൾപ്പെട്ട 4.1341 ഹെക്ടർ സ്ഥലത്ത് M/s സെന്റ് ബേസിൽ ഇൻഡസ്ട്രീസ് ഇന്ത്യ (പ്രൈ) ലിമിറ്റഡ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന് 420/2013-14/7230/എം2/2013 നമ്പർ അനുമതി പ്രകാരം 26-9-2013 മുതൽ 25-9-2025 വരെ കാലാവധിയുള്ള ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നതാണ്. ടി സ്ഥലത്തേക്ക് 72/SEIAA/KI/167/2013 തീയതി 7-4-2013 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നും പാരിസ്ഥിതികാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഖനനാനുമതി അനുവദിച്ചത്. തുടർന്ന് ഈ സ്ഥലത്ത് കരിങ്കല്ല് ഖനനത്തിന് പഞ്ചായത്ത് അനുമതി നിഷേധിച്ചതിനെതിരെയും അല്ലാതെയും ബഹു. കേരള ഹൈക്കോടതി മുമ്പാകെ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യപ്പെടുകയുണ്ടായി. ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ രാമപുരം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച റിട്ട് അപ്പീൽ നമ്പർ 2760/2015-ൻ മേലുള്ള വിധിന്യായം M/s. സെന്റ് ബേസിലിന് അനുകൂലമായതിനാൽ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനും (നമ്പർ 550/2016) രാമപുരം ഗ്രാമപഞ്ചായത്തിനെതിരായിരുന്നു. തുടർന്ന് ബഹു. സുപ്രീം കോടതി മുമ്പാകെ പ്രസ്തുത പഞ്ചായത്ത് സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷൻ നമ്പർ 16456-16457/2016 പരിഗണിക്കവേ ആയതും M/s.സെന്റ് ബേസിലിന് അനുകൂലമാകുകയും ചെയ്തിരിക്കുകയാണ്. പ്രസ്തുത ഉത്തരവിൽ M/s.സെന്റ് ബേസിൽ ഇൻഡസ്ട്രീസിന്

നൽകിയ വ്യവസ്ഥകളിൽ ലംഘനമുണ്ടാകുകയാണെങ്കിൽ പഞ്ചായത്ത്, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിനെ സമീപിച്ച് തീരുമാനമുണ്ടാക്കുവാൻ ബഹു. സുപ്രീം കോടതി അനുമതി നൽകുകയുണ്ടായി. 45 ഡിഗ്രി ചെരിവിൽ കൂടുതലുള്ള പ്രദേശത്ത് ഖനനം നടത്തരുത് എന്നുള്ളത് പാരിസ്ഥിതികാനുമതിയിലെ ഒരു വ്യവസ്ഥയാണ്. പാരിസ്ഥിതികാനുമതിയ്ക്ക് വിധേയമായി അനുവദിച്ച ക്വാറിയിംഗ് ലീസ് നിലവിലുണ്ടെങ്കിലും കരിങ്കല്ല് ഖനനം ആരംഭിക്കുന്നതിനുള്ള യാതൊരു അനുമതി പത്രങ്ങളും മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസിൽ നിന്നും അനുവദിച്ചിട്ടില്ല. നിലവിൽ പ്രസ്തുത സ്ഥലത്ത് കരിങ്കല്ല് ഖനനം സംബന്ധമായ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല.

(16-11-2017-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 11

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം കുറിഞ്ഞിക്കുമ്പൻ, കോട്ടമല പ്രദേശത്തിനായി ദുരന്തനിവാരണ പദ്ധതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ ആർ.സി3/350/2017/ത.സ്വ.ഭ.വ. തീയതി 13-3-2019)

രാമപുരം ഗ്രാമപഞ്ചായത്ത്, 13-12-2017-ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റി, 24/1 നമ്പർ തീരുമാന പ്രകാരം 11-ാം നമ്പർ ശിപാർശയിന്മേൽ, 'ദുരന്ത നിവാരണ പദ്ധതി' നടപ്പിലാക്കുന്നതാണെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ടി പ്രദേശത്ത് 2016-17 മുതൽ ഖനന പ്രവൃത്തികളോ മറ്റേതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളോ നടക്കുന്നില്ലാത്തതിനാൽ പഞ്ചായത്ത്, ദുരന്തനിവാരണ പദ്ധതിയിൽ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പ്രതിനിധികൾ ടി പ്രദേശങ്ങൾ സന്ദർശിച്ച് സർവ്വേ നടത്തിയിട്ടുള്ളതും പ്രസ്തുത സർവ്വേ റിപ്പോർട്ട് പ്രകാരം ടി പ്രദേശങ്ങളിൽ യാതൊരു വിധത്തിലുള്ള നിർമ്മാണ പ്രവൃത്തികളോ നിലവിലെ അവസ്ഥയ്ക്ക് മാറ്റം വരുന്ന തരത്തിലുള്ള പ്രവർത്തനങ്ങളോ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ടി സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയില്ല എന്ന വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതായി അറിയിക്കുന്നു.

(22-10-2020-ലെ സമിതിയോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ദുരന്തനിവാരണ അതോറിറ്റിയുടെ ജില്ലാതല ചെയർമാനായ ജില്ലാകളക്ടർ കുറിഞ്ഞികുമ്പൻ, കോട്ടമല പ്രദേശത്തെ ദുരന്തനിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കാൻ റവന്യൂ വകുപ്പിനോട് നിർദ്ദേശിച്ചു.

## <u>അദ്ധ്യായം III</u>

നടപടിവിവരം ലഭ്യമാക്കാത്ത നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശം

1) <u>റവന്യൂ വകുപ്പ്</u>

(4-ാം നമ്പർ ശിപാർശയിന്മേൽ 6-9-2018-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരങ്ങൾ)

2018 ആഗസ്റ്റ് മാസം പ്രളയദുരന്തവുമായി ബന്ധപ്പെട്ട് കുറിഞ്ഞികുമ്പൻ, കോട്ടമല പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക. പ്രസ്തുത പ്രദേശത്തും പരിസ്ഥിതി പ്രശ്നങ്ങൾ നിലനിൽക്കുന്ന മറ്റ് സ്ഥലങ്ങളിലും പാറഖനനം നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ സംഭവിക്കുന്നപക്ഷം ഖനനം നടത്തുന്നതിന് അനുവാദം നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2) <u>റവന്യൂ വകുപ്പ്</u>

(11-ാം നമ്പർ ശിപാർശയിന്മേൽ 22-10-2020-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരങ്ങൾ)

ദുരന്തനിവാരണ അതോറിറ്റിയുടെ ജില്ലാതല ചെയർമാനായ ജില്ലാകളക്ടർ കുറിഞ്ഞികുമ്പൻ, കോട്ടമല പ്രദേശത്തെ ദുരന്തനിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുക.

## <u>അദ്ധ്യായം -IV</u>

<u>സമിതിയുടെ തുടർ ശിപാർശകൾ/നിർദ്ദേശങ്ങൾ</u>

1) 2018 ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ പ്രളയദുരന്തവുമായി ബന്ധപ്പെട്ട് കോട്ടമല, കുറിഞ്ഞികുമ്പൻ പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ സംഭവിച്ചിട്ടുണ്ടോ എന്നതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ റവന്യൂ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

2) കോട്ടമല, കുറിഞ്ഞിക്കുമ്പൻ പ്രദേശത്തും പരിസ്ഥിതി പ്രശ്നങ്ങൾ നിലനിൽക്കുന്ന മറ്റ് സ്ഥലങ്ങളിലും പാറഖനനം നടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ സംഭവിക്കുന്നപക്ഷം ഖനനം നടത്തുന്നതിന് അനുമതി നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണം.

3) ദുരന്തനിവാരണ അതോറിറ്റിയുടെ ജില്ലാതല ചെയർമാനായ ജില്ലാകളക്ടർ കുറിഞ്ഞിക്കുമ്പൻ, കോട്ടമല പ്രദേശത്തെ ദുരന്തനിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ട് റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.